പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3065**

21/06/2013 - ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ തകർച്ച നേരിടുന്നതിന് നടപടി

**ചോദ്യം**

ശ്രീ. കെ.കെ.ജയചന്ദ്രൻ

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**(എ)** കാർഷിക മേഖലയിലെ തകർച്ച നേരിടുന്നതിന് കർഷകരെ സഹായിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; വിശദാംശം നൽകാമോ ;

**(എ)** കാർഷിക മേഖലയിലെ തകർച്ച നേരിടുന്നതിനും ഉല്പാദന വർദ്ധനവിനുമായി താഴെ പറയുന്ന പദ്ധതികൾ 2013-2014 ൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1) കുട്ടനാട്, പാലക്കാട് പ്രദേശങ്ങളിൽ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും അനുബന്ധ ഉല്പന്നങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടി റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ.
2) സുസ്ഥിരമായ ഉല്പാദനക്ഷമതാ വർദ്ധനവിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് വിപണി ഒരുക്കുന്നതിനുമായി കോക്കനട്ട് ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ.
3) ഗ്രീൻ / പോളിഹൗസ് പദ്ധതി പ്രകാരം മൂല്യവർദ്ധിത പച്ചക്കറി കൃഷി ആരംഭിച്ചു.
4) ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി 50 കോടി രൂപ ചെലവഴിച്ച് നെല്ല് കൃഷി പദ്ധതിയും, 56.25 കോടി രൂപയുടെ പച്ചക്കറി കൃഷി പദ്ധതിയും, പയറു കിഴങ്ങു വർഗ്ഗവിളകൾ പ്രോത്സാഹിപ്പിക്കുന്നതിനായി 25 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.
5) 10 കോടി രൂപയുടെ ജൈവ കൃഷി പദ്ധതി ഈ വർഷവും തുടരുന്നതാണ്.
6) പൈനാപ്പിൾ കൃഷിയ്ക്കായി ഒരു കോടി രൂപയുടെ പൈനാപ്പിൾ മിഷൻ പദ്ധതി.

7) ഗ്രൂപ്പ് ഫാമിംഗ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആനുകൂല്യം 3000/- രൂപയായി വർദ്ധിപ്പിച്ചു.

8) കിലോഗ്രാമിന് 17/- രൂപ നിരക്കിൽ സംസ്ഥാനത്തൊട്ടാകെ നെല്ല് സംഭരണം.

9) നെൽകൃഷിയ്ക്ക് ഹെക്ടറിന് 12000/- രൂപ നിരക്കിൽ ഇൻഷ്വറൻസ് സംരക്ഷണം.

10) വിള. ആരോഗ്യ പരിപാലനത്തിനായി 13 കോടി രൂപയുടെ പുതിയ പദ്ധതി നടപ്പിലാക്കും.

11) കാലാവസ്ഥാ അധിഷ്ഠിത ഇൻഷ്വറൻസ് ശക്തിപ്പെടുത്തുന്നതിനായി 55 ലക്ഷം രൂപയുടെ പുതിയ പദ്ധതി.

12) കുട്ടനാട് ഹെറിറ്റേജ് പ്രോജക്ടിനായി (പുതിയ പദ്ധതി) 5 കോടി രൂപ.

13) കിലോയ്ക്ക് 16/- രൂപ നിരക്കിൽ പച്ചതേങ്ങ സംഭരണം കൂടുതൽ കൃഷി ഭവനുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നു.

14) കർഷക ക്ഷേമ ബോർഡ് സ്ഥാപിക്കും..

15) കെ.എൽ.ഡി.സി. മുഖേന 1000 ചിറകൾ സംരക്ഷിക്കുന്നതിനായി സഹസ്രസരോവർ പദ്ധതി തുടരുന്നതാണ്.

16) കർഷകർക്ക് മൊബൈൽ ഫോണിലൂടെ ഫാം അഡ്വൈസറി മെസേജിംഗ് സമ്പ്രദായവും ജില്ലാ കേന്ദ്രങ്ങളിൽ അഗ്രി കിയോസ്ക്കുകളും സ്ഥാപിച്ചു.

17) കൃഷിക്കാരും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി പദ്ധതി തുടരുന്നതാണ്.

18) ചെറുകിട നാമമാത്ര കർഷർക്കുള്ള പെൻഷൻ മാസം തോറും 400/- രൂപയൽ നിന്നും 500/- രൂപ നിരക്കിൽ വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നു.

19) 12 നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ച നിറവ് പദ്ധതി 30 മണ്ഡലങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതാണ്.

20) 6 മൊത്തവ്യാപാര വിപണികൾ ശക്തിപ്പെടുത്തി 'അഗ്രിമാൾ' ആരംഭിക്കുന്നതാണ്.

(ബി) കൃഷി ഭവനിൽ കൂടി കൂടുതൽ മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ?

(ബി) കർഷക സംഘങ്ങൾ, അദാലത്തുകൾ, പുന:സംഘടിപ്പിച്ച കാർഷിക ഉപദേശക സമിതികൾ എന്നീ നടപടികൾ മുഖേന കൃഷി ഭവനുകളുടെ സേവനവും പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.

കർഷകർക്ക് പദ്ധതി പണം നേരിട്ട് ബാങ്ക് വഴി നൽകി തുടങ്ങി. അതുവഴി കൃഷി ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി നിർവ്വഹണത്തിനും കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും സാഹചര്യമൊരുക്കി.

550 കൃഷി ഭവനുകളിൽ ഇരുചക്ര വാഹനവും, 75 ബ്ലോക്കുകളിൽ മൊബൈൽ അഗ്രോ ക്ലിനിക്ക് വാഹനവും നൽകി ഉദ്യോഗസ്ഥരുടെ യാത്രാ ക്ലേശത്തിന് പരിഹാരമായി.

എല്ലാ കൃഷി ഭവനുകളിലും ഇന്റർനെറ്റ് സ്ഥാപിക്കുക വഴി വിജ്ഞാന വ്യാപനത്തിനും, കാലാവസ്ഥാ അറിയിപ്പിനും, വിപണി വാർത്തകൾ എന്നിവ കർഷകർക്ക് ഉടനടി ലഭ്യമാക്കുവാനും സാധിച്ചു.

കൃഷി ഭവനുകളിൽ കൂടി പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി സർക്കാർ തലത്തിലും, കൃഷി ഡയറക്ടറുടെ അദ്ധ്യക്ഷതയിലും മാസം തോറും നേരിട്ടും, വീഡിയോ കോൺഫറൻസിലൂടെയും, ഓൺലൈൻ പദ്ധതി മോണിറ്ററിംഗ് സംവിധാനത്തിൽ കൂടിയും നിരന്തരം അവലോകനവും നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ